**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.187          05.02.2018-ലെ മറുപടിയ്ക്ക്

## <u>കായികമേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജെയിംസ് മാത്യു<br>,, എ. പ്രദീപ്കുമാർ<br>,, സി.കെ. ഹരീന്ദ്രൻ<br>,, എം.നൗഷാദ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 3 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br><br>സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഫിഫ അണ്ടർ 17 ലോകകപ്പ് വേദിയായ കൊച്ചിയിലെ റോഡുകളുടെ സൗന്ദര്യവൽക്കരണം/നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് 17.77 കോടി രൂപയുടെയും ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ പരിശീലന വേദികളിൽ ഒന്നായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായിയുള്ള (Natural Turf Football Field of International Standards with Sprinkler facilities, a two storied football, training centre, change room) ഭരണാനുമതിയും പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കായിക വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര | (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് |

| | | | |
|---|---|---|---|
| | കോടി രൂപയുടെ വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | | ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ , മിനി സ്റ്റേഡിയങ്ങൾ എന്നീ പ്രോജക്ടുകളുടെ നിർമ്മാണത്തിനായി 632.94 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 -ലെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് 734.94 കോടി രൂപയുടെ വികസനമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 3 ജില്ലാ സ്റ്റേഡിയങ്ങൾക്കും 11 മിനി സ്റ്റേഡിയങ്ങൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കി പണി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. മറ്റു സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനും കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**